ദേവസ്വം ഭൂമി അന്യാധീനപ്പെടുന്നതായ പരാതി

19 (*229) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം ഭൂമി വ്യാപകമായി അന്യാധീനപ്പെട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) അന്യാധീനപ്പെട്ട ദേവസ്യം ഭൂമി തിരികെ ലഭിക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കാമോ ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) ഉണ്ട്.

(ബി) അന്യാധീനപ്പെട്ട വസ്തുക്കളുടെ വ്യാപ്തി അളന്നു തിട്ടപ്പെടുത്തി വരുന്നുവെന്ന് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്. കൂടാതെ, ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ)വകുപ്പിന്റെ കീഴിലുള്ള മലബാറിലെ ക്ഷേത്രങ്ങളുടെ ഏകദേശം 7585.1924 ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടതായി കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) ദേവസ്വം ഭൂമിയിലെ അനധികൃത കയ്യേറ്റം തടയുന്നതിനായി ദേവസ്വം വകുപ്പുമന്ത്രി വിവിധ ദേവസ്വം ബോർഡ് ഭാരവാഹികൾ, ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണം) വകുപ്പുദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയും അതനുസരിച്ച് ദേവസ്വങ്ങൾ സ്വീകരിച്ച നടപടികളുടെ പുരോഗതി ഇടയ്ക്കിടെ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരികെ ലഭിക്കുവാൻ നിയമനടപടി സ്വീകരിക്കുവാനും നിലവിലുള്ള ദേവസ്വം ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിക്കുവാനും കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

നാഷണൽ സേവിംഗ്സ് പദ്ധതിയിലേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നൽകുന്ന ഇൻസെന്റീവ്

20 (*230) ശ്രീ. വി. ബാലറാം :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് എന്തെല്ലാം ഇൻസെന്റീവ് നൽകിവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതനുസരിച്ച് പദ്ധതിയിൽ നിക്ഷേപം നടത്തുന്ന എല്ലാവർക്കും ഇൻസെന്റീവിന്റെ പ്രയോജനം ലഭിക്കുമോ ;

(സി) നാഷണൽ സേവിംഗ്സ് പദ്ധതി പ്രകാരം നിക്ഷേപം നടത്തുന്ന എല്ലാവർക്കും പ്രയോജനം കിട്ടത്തക്കവിധത്തിൽ മുൻകാലങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ 2% ഇൻസെന്റീവായി കൊടുത്തിരുന്നുവോ ;

(ഡി) ഈ പദ്ധതിയനുസരിച്ച് കൊടുക്കുന്ന ഇൻസെന്റീവ് പണമായി കൊടുക്കുന്നതിലുള്ള ബുദ്ധിമുട്ടെന്താണെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) വർഷംതോറും ഇൻസെന്റീവിന്റെ ഘടന മാറ്റാറുണ്ട്. ഈ സാമ്പത്തിക വർഷം സ്ഥാപനങ്ങൾ വഴി നിക്ഷേപിക്കുന്ന 5 ലക്ഷത്തിനു മുകളിലുള്ള നിക്ഷേപങ്ങൾക്കും സ്കൂൾ സഞ്ചയികയിലെ 10,000 രൂപയ്ക്കു മുകളിലുള്ള നിക്ഷേപങ്ങൾക്കും ഇൻസെന്റീവ് നൽകി വരുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) പണമായി കൊടുക്കുകയാണെങ്കിൽ സമ്മാന പദ്ധതിയേക്കാൾ ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടെന്നുള്ളതുതന്നെ.

ചാരായ നിരോധനം മൂലമുണ്ടായ സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ

21 (*231) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായ നിരോധനം ഏർപ്പെടുത്തിയശേഷം കേരളത്തിൽ സാമൂഹികവും സാംസ്ക്കാരികവും, സാമ്പത്തികവും ആയി ഉണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ചും കോട്ടങ്ങളെക്കുറിച്ചും ഗവൺമെന്റ് തലത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെങ്കിലും തരത്തിലുള്ള വിലയിരുത്തലുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ചാരായ നിരോധനം പിൻവലിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ധനകര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ശങ്കരനാരായണൻ) :

(എ & ബി) ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു പഠനം നടന്നിട്ടില്ല. മദ്യപാനം എന്ന സാമൂഹിക തിന്മയ്ക്കെതിരെയുള്ള ഒരു ധീരമായ തീരുമാനമാണ് ചാരായ നിരോധനത്തിലൂടെ കൈക്കൊണ്ടത്. ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പാക്കുക എന്ന ലക്ഷ്യത്തിലേയ്ക്കുള്ള ഒരു പ്രധാന ചുവടു വെയ്പായിരുന്നു ചാരായ നിരോധനം. ഇതിനു നേട്ടങ്ങളും കോട്ടങ്ങളുമുള്ളതായി സർക്കാർ മനസ്സിലാക്കുന്നു. ചാരായ നിരോധനത്തിനു മുമ്പ് ലൈസൻസ് നൽകി നടത്തി വന്നിരുന്ന ആറായിരത്തിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly